# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1763** **10.02.2020 -ലെ മറുപടിയ്ക്ക്**

## സംസ്ഥാനത്തെ സർവ്വകലാശാലകളുടെ സ്വയംഭരണ അവകാശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ടി.ജെ. വിനോദ് | ഡോ.കെ.ടി.ജലീൽ<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ സ്വയംഭരണ അവകാശങ്ങൾ നിലനിർത്തുന്നതിനും അവയുടെ പ്രത്യേക അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ; | (എ) | സർവ്വകലാശാലകളുടെ സ്വയംഭരണ അവകാശങ്ങൾക്കോ പ്രത്യേക അവകാശങ്ങൾക്കോ ഭംഗം വരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സ്വയംഭരണ സ്ഥാപനങ്ങളായ സർവ്വകലാശാലകളുടെ പ്രോ-വൈസ് ചാൻസലറായ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് ഏതൊക്കെ തരത്തിലുള്ള ഇടപെടലുകൾ സർവ്വകലാശാലയുടെ ഭരണത്തിൽ നടത്തുന്നതിനാണ് അധികാരമുള്ളത് എന്ന് വിശദമാക്കാമോ; | (ബി) | ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി സർവ്വകലാശാലകളുടെ പ്രോ-വൈസ് ചാൻസലർ അല്ല. |
| (സി) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ തീരുമാനമാകാതെ കിടന്ന ഫയലുകൾ തീർപ്പാക്കുന്നതിന് 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ അദാലത്ത് നടത്തണമെന്ന് മന്ത്രി നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത അദാലത്തുകളിൽ മന്ത്രി പങ്കെടുക്കുന്നതാണെന്ന് ഫെബ്രുവരി 4 ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ കത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ; | (സി) | സർവ്വകലാശാലകളിൽ തീരുമാനമാകാതെ കിടന്ന ഫയലുകളിൽ തീർപ്പ് കൽപ്പിക്കുന്നതിലേക്കായി അദാലത്തുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു; വ്യക്തമാക്കിയിരുന്നു. |
| (ഡി) | ഉന്നത വിദ്യാഭ്യാസ വകുപ്പ മന്ത്രി | (ഡി) | ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി കേരള |

| | | | |
|---|---|---|---|
| | ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ അദാലത്തുകളിലാണ് പങ്കെടുത്തത്; | | സർവ്വകലാശാല, എ.പി.ജെ അബ്ദുൾ കലാം, സാങ്കേതിക സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല എന്നീ സർവ്വകലാശാലകളുടെ അദാലത്തുകളിൽ പങ്കെടുത്തു. |
| (ഇ) | മന്ത്രിയുടെ ഇടപെടൽ ആവശ്യമുള്ള ഫയലുകൾ മന്ത്രിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇതുപ്രകാരം ഒരോ സർവ്വകലാശാലകളും എത്ര ഫയലുകളാണ് മന്ത്രിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചത്; | (ഇ) | നൽകിയിരുന്നു; ഫയലുകൾ ഒന്നും തന്നെ മന്ത്രിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല. |
| (എഫ്) | ഇത്തരം അദാലത്തുകളിൽ മന്ത്രി നേരിട്ട് പങ്കെടുത്ത് ഫയലുകളിൽ തീരുമാനം എടുക്കുന്നതിന് ചാൻസലർ കൂടിയായ ഗവർണറുടെ അനുമതി തേടിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ; | (എഫ്) | അദാലത്തുകളിൽ പങ്കെടുക്കുന്നതിന് ചാൻസലറുടെ അനുമതി തേടണമെന്ന് നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |
| (ജി) | അദാലത്തുകൾ നടത്തുന്നതിന് മന്ത്രി സമയക്രമം നിശ്ചയിച്ച് നൽകുന്നതും അദാലത്തിൽ ഫയലുകൾ മന്ത്രിയുടെ പരിഗണനയ്ക്ക് അയക്കണമെന്നുമുള്ള നിർദ്ദേശവും സർവ്വകലാശാലകളുടെ സ്വയം ഭരണാവകാശത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന ആക്ഷേപത്തിന്മേൽ നിലപാട് വ്യക്തമാക്കാമോ? | (ജി) | മുൻകാലങ്ങളിൽ മുഖ്യമന്ത്രിയടക്കമുള്ളവർ അദാലത്തുകളിൽ പങ്കെടുത്തിട്ടുള്ള കീഴ്‌വഴക്കം പരിഗണിച്ചാണ് ഇപ്രകാരം നിർദ്ദേശം നൽകിയത്. സർക്കാർ തീരുമാനം ആവശ്യമുള്ള ഫയലുകൾ മാത്രം മന്ത്രിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാനാണ് ആവശ്യപ്പെട്ടിരുന്നത്. അത് സർവ്വകലാശാലകളുടെ സ്വയം ഭരണാവകാശത്തിന്മേലുള്ള കടന്നുകയറ്റമല്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ.